**പതിനാലാം കേരള നിയമസഭ**
**ഇരുപത്തി രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 971** | **14-01-2021 ലെ മറുപടി** |

**<u>കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ പി .ടി .എ . റഹീം | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം വകുപ്പുകൾ മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം വകുപ്പുകൾ മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും താഴെപ്പറയുന്നു.<br>**<u>മേജർ ഇറിഗേഷൻ പദ്ധതികൾ</u>**<br>1. എഫ്.സി - പെരുമണ്ണ പഞ്ചായത്തിലെ വാർഡ് നം. 9-ൽ പെരിഞ്ചീരിയിൽ ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം -ഈ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>2. എഫ്.സി - ചാത്തമംഗലം പഞ്ചായത്തിലെ വാർഡ് നം. 9-ൽ |
| (ബി) | ഇവ ഓരോന്നിന്റെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അടുക്കത്തിൽ തോട്ടമുറി പറമ്പയിൽ ഇരുവഞ്ഞി പുഴയുടെ വലതുകര സംരക്ഷണം-സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതി നല്ലുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. ആർ.എം.എഫ് - കുന്ദമംഗലം പഞ്ചായത്തിലെ പാറക്കടവ് പാലത്തിന് മുകൾഭാഗത്തായി പുതുശ്ശേരികണ്ടി പറമ്പിൽ പൂനൂർപുഴയുടെ ഇടതുകര സംരക്ഷണം - സാങ്കേതികാനുമതി നലുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**<u>മൈനർ ഇറിഗേഷൻ പദ്ധതികൾ</u>**<br>1. എസ്.ഡി.ആർ.എഫ് - ഒളവണ്ണ പഞ്ചായത്തിലെ കുന്നത്തുപാലം എസ്.ഡബ്ലു.ഇ/വി.സി.ബി.യുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തി- പ്രവൃത്തിയുടെ 60 ശതമാനം പൂർത്തിയായി.<br>2. കുന്ദമംഗലം പഞ്ചായത്തിലെ വേളൂർ വയൽ പാടശേഖരത്തിന്റെ വികസന പ്രവൃത്തി -പ്രവൃത്തിസ്ഥലം 25/08/2020 ന് കരാറുകാരന് |

| | | | |
|---|---|---|---|
| | | | കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.<br><br>3. ചാത്തമംഗലം പഞ്ചായത്തിലെ എറഞ്ഞിപറമ്പ് എൽ.ഐ.സ്കീം നിർമ്മാണം-പ്രവൃത്തി ആരംഭിച്ചു. പ്രസ്തുത പ്രവൃത്തിയുടെ പമ്പ് ഹൗസ് നിർമ്മിക്കുവാനുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്<br>4. ഒളവണ്ണ പഞ്ചായത്തിലെ പൂളേങ്കര ചാലിയുടെ അഭിവൃദ്ധിപ്പെടുത്തൽ- പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ